അതിനാൽ നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്, ദിക്ർ, സുജൂദ് ആദിയായ ഇബാദത്ത് കൊണ്ട് അല്ലാഹു തആലാക്ക് അല്ലാതെ ഇബാദത്ത് ചെയ്യുവാൻ പാടില്ല എന്നത് പോലെ ദുആ (പ്രാർത്ഥന) കൊണ്ടും അല്ലാഹുവിന് മാത്രമേ ഇബാദത്ത് ചെയ്യുവാൻ പാടുള്ളൂ. എന്തു കൊണ്ടെന്നാൽ ഒരു ഉപകാരം ചെയ്യുവാനോ ദോഷത്തെ നീക്കുവാനോ ഉള്ള മറഞ്ഞതായ അധികാര ശക്തി (സാധാരണ കാര്യ-കാരണ ബന്ധങ്ങൾക്ക് അപ്പുറമുള്ള അധികാരശക്തി) സ്യഷ്ടാവായ അല്ലാഹുവിന് മാത്രമേ ഉള്ളൂ. മലക്കുകൾക്കാകട്ടെ ജിന്നുകൾക്കാകട്ടെ അമ്പിയാക്കൾക്കാകട്ടെ ഔലിയാക്കൾക്കാകട്ടെ ആർക്കും ഇല്ല, ഒന്നിനും ഇല്ല. അങ്ങനെ വരുമ്പോൾ ഒരുവൻ മുഹിയുദ്ദീൻ ശൈഖേ... രക്ഷിക്കണേ എന്ന് ശൈഖ് കേൾക്കും ഉത്തരം ചെയ്യും എന്ന വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ അവൻ കാഫിറായി, ശൈഖിന് പകരം മദുഉവ്വായി (വിളിക്കപ്പെടുന്നവനായി) ആരെ വെച്ചാലും ശരി അവൻ മുർതദ്ദായി (നഊദുബില്ലാഹ്). അവൻ ആ അവസ്ഥയിൽ മരണപ്പെട്ടാൽ കാലാകാലം നരകമായിരിക്കും അവന്റെ വാസസ്ഥലം, അല്ലാഹു തആലാ നമ്മളെയും എല്ലാ മുസ്‌ലിമീങ്ങളെയും നരകത്തിൽ നിന്ന് സംരക്ഷിക്കട്ടെ.

**പ്രിയമുള്ള സഹോദരാ... അതിനാൽ തന്നെ അവസാന നാളുകളിൽ പണ്ഡിത വേഷം ധരിച്ച് നരകത്തിലേക്ക് ക്ഷണിക്കും എന്നു നമ്മുടെ നേതാവായ പ്രാവാചകൻ ﷺ പറഞ്ഞ ആ കൂട്ടത്തിന്റെ കെണിയിൽ നമ്മൾ പെടാതെ സൂക്ഷിക്കുക. അല്ലാഹു തആലാ നമ്മെ എല്ലാരെയും സ്വിറാത്തുൽ മുസ്തഖീമിൽ സ്ഥിരമായി നിറുത്തി യാഥാർത്ഥ മുസ്‌ലിംകളായി മരിപ്പിക്കട്ടെ. ആമീൻ..**

ക്രോഡീകരണം:

**അബൂ മുഫ്‌ലിഹ് ഉസ്മാൻ** وفقه الله

**ഞങ്ങളുടെ മറ്റു ചില കൃതികൾ ലഭിക്കാൻ**

**ആരാണ് മുഹമ്മദ് നബി ﷺ**

**ഹജ്ജും ഉംറയും**

**എന്താണ് ഇസ്‌ലാം**

**കൻസുൽ അത്ഫാൽ**
(1000+ ചോദ്യോത്തരങ്ങൾ; കുട്ടികളുടെ ദീൻ പഠനത്തിനായി പ്രത്യേകം തയ്യാറാക്കിയത് )

*പുസ്തകങ്ങളിൽ തിരുത്തൽ അനുവദനീയമല്ല.


**MARKAZU ULOOMISSUNNAH**

#70 Bisra, Bismillah road, Melakkam,
Manjeri - 676123, Malappuram.

9037 278 260

t.me/uloomussunnah

www.ahsanqawl.com
www.uloomussunnah.com


# 1

# ആദ്യം തൗഹീദ്

“ഇസ്‌ലാമിന്റെ ഏറ്റവും അടിസ്ഥാന തത്വം എന്തെന്നാൽ നമ്മളെയും നമുക്ക് മുമ്പുള്ളവരേയും സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹുവിന് മാത്രം നമ്മുടെ ആരാധനാ കർമ്മങ്ങൾ അർപ്പിക്കുക എന്നതാണ്. അത് മാത്രമല്ല നമ്മുടെ പ്രവാചകൻ ﷺ പഠിപ്പിച്ച രീതിയിൽ മാത്രമേ നാം അല്ലാഹുവിനെ ആരാധിക്കൂ എന്നുള്ളതും അടിസ്ഥാനം തന്നെ.”


t.me/uloomussunnah
www.uloomussunnah.com

بسم الله الرحمن الرحيم

**സഹോദരാ..!**

**മുസ്‌ലിം എന്നാൽ മുസ്‌ലിം  കുടുംബത്തിൽ ജനിച്ചു, അത് കൊണ്ട് നമ്മളും അങ്ങനെ പറയുന്നു. ജീവിതത്തിൽ പിടിയിലൊതുങ്ങാത്ത പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പിടിച്ച് തൂങ്ങാൻ ഒരു റബ്ബ്, ഭാരങ്ങൾ ഇറക്കിവെക്കാൻ ഒരു സ്ഥലം, ഇതിനുമപ്പുറം പരലോക ചിന്തയോ സ്വർഗ്ഗ നരകങ്ങളെ കുറിച്ചുള്ള പ്രതീക്ഷയോ ഭയമോ നമ്മെ വേട്ടയാടാറുണ്ടോ?**

പ്രിയമുള്ള സഹോദരാ... ഇസ്‌ലാം മറ്റു മതം പോലെ ഒരു മതമല്ല, മറിച്ച് അത് ഈ ലോകത്തിന്റെ സൃഷ്ടാവും നിയന്താവുമായ അല്ലാഹു നമുക്ക് സാരോപദേശവും സന്മാർഗവും ഹൃദയത്തിലുള്ളതിന് രോഗശമനവും കാരുണ്യവുമായി അവതരിപ്പിച്ച മതമാണ്. ആ മതം അനുസരിച്ച് ജീവിക്കുന്നവർക്ക് മാത്രമാണ് അല്ലാഹുവിന്റെ തൃപ്തിയും താഴ്ഭാഗത്തുകൂടി ഒഴുകുന്ന അരുവികളുമുള്ള സ്വർഗത്തോപ്പുകൾ അവൻ ഒരുക്കി വെച്ചിട്ടുള്ളത്. അതല്ലാത്ത മറ്റൊരു മതം ആരെങ്കിലും ആഗ്രഹിക്കുകയും അതിനെ പുൽകുകയും ചെയ്തുവോ അത് ഒരിക്കലും അവനിൽ നിന്ന് അല്ലാഹു സ്വീകരിക്കുന്നതല്ല. ആ മതം അല്ലാഹു നമുക്ക് അവന്റെ അവസാന പ്രവാചകനായ മുഹമ്മദ് ﷺ യിൽ കൂടി പൂർത്തിയാക്കി. അല്ലാഹുവിന്റെ അടുക്കൽ മതമായി ഉള്ളത് ആ ഇസ്‌ലാം മാത്രമാണ്.

ഇസ്‌ലാമിന്റെ ഏറ്റവും അടിസ്ഥാന തത്വം എന്തെന്നാൽ നമ്മളെയും നമുക്ക് മുമ്പുള്ളവരേയും സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹുവിന് മാത്രം നമ്മുടെ ആരാധനാ കർമ്മങ്ങൾ അർപ്പിക്കുക എന്നതാണ്. അത് മത്രമല്ല നമ്മുടെ പ്രവാചകൻ ﷺ പഠിപ്പിച്ച രീതിയിൽ മാത്രമേ നാം അല്ലാഹുവിനെ അരാധിക്കൂ എന്നുള്ളതും അടിസ്ഥാനം തന്നെ.

**- ഇതിൽ നാം ഒന്നാമതായി പറഞ്ഞ അടിസ്ഥാനത്തെ ആരെങ്കിലും എതിരിടുന്ന പക്ഷം  അവൻ ഇസ്‌ലാമിൽ നിന്ന് പുറത്തായി.**

ഇത് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും തെളിവുള്ളതും ഇസ്‌ലാമിക പണ്ഡിതൻമാർ ഏകോപിച്ചതുമാകുന്നു.

**- രണ്ടാമതായി പറഞ്ഞ അടിസ്ഥാനത്തെ ആരങ്കിലും എതിരിടുകയും പ്രവാചകൻ ﷺ പഠിപ്പിക്കാത്ത ഒരു കാര്യം കൊണ്ട് അല്ലാഹുവിനെ ആരാധിക്കുകയും ചെയ്താൽ അവൻ പുത്തനാചാരക്കാരനായി.**

ഇതും മേൽ പറഞ്ഞ പ്രകാരം ഉള്ള തെളിവുകൾ കൊണ്ട് സ്ഥിരപ്പെട്ടതാകുന്നു. ഇത് മനസ്സിലാക്കിയാൽ ആരാധന എന്താണെന്ന് പഠിക്കൽ നമ്മുടെ മേൽ അനിവാര്യമായി.

ഇബാദത്തിന്റെ (ആരാധനയുടെ) നിർവചനമായി പണ്ഡിതൻമാർ പറഞ്ഞത് അത് '**ഏറ്റവും അങ്ങേയറ്റത്തെ താഴ്മ കാണിക്കലും നിസ്സാരതയെ വെളിവാക്കലും എന്നാണ്"**

അതിനാൽ സ്വാതന്ത്ര്യത്തോട് കൂടിയോ, അന്യനെ ആശ്രയിച്ചോ നമുക്ക് ഗുണമോ ദോഷമോ ചെയ്യുവാനുള്ള അതിരു നിർണ്ണയിക്കപ്പെടുവാൻ സാധിക്കാത്ത അദൃശ്യമായ ഒരു അധികാരശക്തി നമ്മുടെ മേൽ വല്ലവർക്കും ഉണ്ടെന്ന് നാം ധരിച്ച് നമ്മുടെ ആത്മാവിനെ അവർക്ക് നാം കീഴ്പെടുത്തി അവർക്ക് നാം അടിമപ്പെടുകയും, അവരുടെ അടുക്കൽ താഴ്മ ചെയ്യുകയും നന്മ സിദ്ധിക്കുവാനും തിന്മയെ ദൂരീകരിക്കുവാനും വേണ്ടി നമ്മുടെ ഹൃദയം കൊണ്ട് അവരോട് പ്രാർത്ഥിക്കുകയും നാം എപ്പോൾ ചെയ്യുന്നുവോ അപ്പോൾ നാം അവർക്ക് ആരാധന ചെയ്യുകയാകുന്നു.

ആരാധന ചെയ്യപ്പെടുവാൻ യോഗ്യതയുള്ളവൻ എന്നാണ് 'ഇലാഹ്" (ദൈവം) എന്നതിന്റെ അർത്ഥം. അപ്പോൾ സ്വതന്ത്രമായോ അന്യനെ ആശ്രയിച്ചോ നമുക്ക് ഗുണം ചെയ്യുവാനോ ദോഷം വരുത്തുവാനോ ഉള്ള മറഞ്ഞതായ അധികാര ശക്തി ആർക്കെങ്കിലും ഉള്ളതായി നാം ധരിക്കുമ്പോൾ അവരെ നാം ഇലാഹാക്കിയിരിക്കുന്നു.

ആ ധാരണയിൽ നിന്ന് ഉൽഭവിക്കുന്ന അവരുടെ നേരെയുള്ള വണക്കമത്രെ 'ആരാധന'. ആ ആരാധന ധ്യാന രൂപത്തിലും കർമ്മരൂപത്തിലും വചന രൂപത്തിലും വെളിപ്പെടുത്തപ്പെടുന്നു. മേൽ  പറഞ്ഞ മൂന്ന് തരത്തിലുള്ള ആരാധനയും മുസ്‌ലിമീങ്ങൾ അല്ലാഹുവിന്ന് അല്ലാതെ നൽകാൻ പാടില്ല. അങ്ങനെ ആരെങ്കിലും നൽകിയാൽ അവൻ മുർതദ്ദായി കാഫിറായി (നഊദുബില്ലാ). '**അല്ലാഹുവോട് ആരാധനയിൽ വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്, നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും**' എന്ന അർത്ഥത്തിൽ ഖുർആനിൽ കൂടി അല്ലാഹു തആലാ അവന്റെ അടിമകളോട് ഈ കാര്യം ഉണർത്തിയിട്ടുണ്ട്.

ഈ വണക്കം ഒരു കാര്യം ലഭിക്കുവാനോ ഒരു ആപത്ത് നീങ്ങുവാനോ ഉള്ള അങ്ങേയറ്റത്തെ താഴ്മ കാണിക്കലോട് കൂടിയ അപേക്ഷ ആയി വരുമ്പോൾ അതിനാണ്  'ദുആ' (പ്രാർത്ഥന) എന്ന് പറയുന്നത്. '**നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും**' എന്ന് അല്ലാഹു ഖുർആനിൽ കൂടി കൽപ്പിക്കുകയും ഉത്തരം നൽകുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുള്ള പ്രാർത്ഥന ഇതാകുന്നു. സാധാരണമായ കാര്യ-കാരണ ചട്ടമനുസരിച്ച് തനിക്കോ തന്നെപോലെയുള്ളവർക്കോ നിർവഹിക്കുവാൻ നിവൃത്തി ഇല്ലാത്ത ഒരു മാർഗത്തിലൂടെ മറഞ്ഞതായ അധികാര ശക്തി കൊണ്ട്, കാര്യം സാധിപ്പിച്ച് തരണമേയെന്ന് ഒരാൾ ആരോട്  തേടുന്നുവോ അവരുടെ സന്നിധിയിൽ അയാളുടെ അങ്ങേ അറ്റമായ എളിമയെ കാണിക്കലും അത്യധികമായ വിധത്തിൽ അവരെ വന്ദിക്കലും ആ തേട്ടത്തിൽ അന്തർഭവിച്ചിരിക്കും, തീർച്ച! അപ്പോൾ പ്രാർത്ഥന എന്നത് ആരാധനയുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ആരാധനയാണ് എന്ന് വ്യക്തമായി. അതിനാലത്രെ الدعاء هو العبادة (പ്രാർത്ഥന അതു തന്നെയാണ് ആരാധന) എന്ന് പ്രവാചകൻ ﷺ അരുൾ ചെയ്തത്.